Reg. No.: ...............................

Name : ..................................

K20P 0275

II Semester M.A. Degree (CBSS – Reg./Suppl./Imp.) Examination, April 2020
(2014 Admission Onwards)
MALAYALAM LANGUAGE AND LITERATURE
MAL 2C07 : Novel Literature

Time : 3 Hours Max. Marks : 80

I. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) എന്താണ് നോവൽ ? നിർവ്വചനം എഴുതുക. നോവലിന്റെ പ്രധാന ഘടകങ്ങൾ ഏവ ?

2) കേകയ പുത്രിയുടെ കൺമുനത്തുമ്പിൽ അയോധ്യാധിപൻ കിടന്നു പിടയ്ക്കുന്നത് അനന്യാദൃശമായി കണ്ടു. കൈകേയിക്കറിയാം കൺമുന വാൾ തുമ്പാക്കിയാൽ കുറ്റബോധം തീണ്ടിയ ഏതു പുരുഷനും ചകിതനായി പോകുമെന്ന് ? സന്ദർഭം വ്യക്തമാക്കുക.

3) ''മഹാപാപി' രാക്ഷസാ! കുടിക്കുന്ന പച്ചവെള്ളത്തിനു വിശ്വസിക്കാൻ കൊള്ളരുതാത്തവനെ ? ഓടിപ്പോ എന്റെ മുൻപിൽ നിന്ന് അല്ലെങ്കിൽ നിന്നെ ഞാൻ കൊല്ലും'' എന്നിങ്ങനെ ദീനാമ്മ പൊട്ടിത്തെറിക്കാനിടയായ സന്ദർഭം ഏത് ? വിശദമാക്കുക.

4) ആദ്യകാല മലയാള നോവലുകളെ പരിചയപ്പെടുത്തുക.

5) ''ഹാ ദൈവമേ! ഇത്ര കഠിനം ചെയ്യുന്നുവല്ലോ എന്റെ മകൾ ഇങ്ങനെ നിസ്സഹായമായ സ്ഥിതിയിലായല്ലോ. ഞാൻ എന്റെ കുട്ടിയേയും കൊണ്ട് ഇനി എന്താണു ചെയ്യേണ്ടത്''. എന്ന് ചിന്തിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക. (5×4=20)

II. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) 'വിഷകന്യക' ഒരു വ്യക്തിയുടെ കഥയല്ല, ഒരു സമൂഹത്തിന്റെ കഥയാണ്. വിശദമാക്കുക.

**അല്ലെങ്കിൽ**

b) 'ഗോവർദ്ധനന്റെ യാത്രകൾ' – അനീതിയുടെ ഭീകരമായ സംയമനികൾ ആവിഷ്ക്കരിക്കുന്നു. – വിശദമാക്കുക.

P.T.O.

7) a) ചന്തുമേനോന്റെ കൃതികൾക്ക് മലയാള സാഹിത്യത്തിലുള്ള സ്ഥാനം വിലയിരുത്തുക.

**അല്ലെങ്കിൽ**

b) മലയാള നോവലിൽ റിയലിസത്തിന്റെ പ്രോദ്ഘാടകനാണ് ചന്തുമേനോൻ. വിലയിരുത്തുക.

8) a) സാമൂഹ്യ ജീവിതത്തിലെ പുഴുക്കുത്തുകൾ തുറന്നു കാണിക്കാനാണ് തകഴി തന്റെ കൃതികളിലൂടെ ശ്രമിച്ചത്. 'തോട്ടിയുടെ മകനെ' ആസ്പദമാക്കി വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ബോധധാരാനോവൽ എന്തെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക.

9) a) ''സേതുന് എന്നും ഒരാളോടെ ഇഷ്ടമുണ്ടായിരുന്നുള്ളൂ സേതുവിനോട് മാത്രം''. സന്ദർഭം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) പഴമയുടെ മൂല്യബോധം പുതുതലമുറകളിലേയ്ക്ക് കൈ മാറുന്ന കൃതി എന്ന നിലയിൽ 'തക്ഷൻകുന്ന് സ്വരൂപ'ത്തെ വിലയിരുത്തുക.

10) a) ഒരേസമയം ഒളിപ്പോരാളിയുടേയും ജനാധിപത്യവാദിയുടേയും സംവാദസ്ഥലങ്ങളിലൂടെയുള്ള സഞ്ചാരമാണ് സി. ആർ. പരമേശ്വരന്റെ 'പ്രകൃതി നിയമം' എന്ന നോവലിനെ വ്യത്യസ്ഥമാക്കുന്നത്. വിലയിരുത്തുക.

**അല്ലെങ്കിൽ**

b) യുവാക്കളുടെ സ്വത്വപ്രതിസന്ധി ചർച്ച ചെയ്യുന്നു എം. ടി. യുടെ 'കാലം' – വിലയിരുത്തുക. (5×6=30)

III. **ആറു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

11) a) പ്രമേയത്തിലും ആഖ്യാനത്തിലും ആധുനിക മലയാള നോവൽ പ്രകടമാക്കിയ പുതുമകൾ എന്തെല്ലാം ? വിശദമാക്കുക.

**അല്ലെങ്കിൽ**

b) നവോത്ഥാന നോവലുകൾക്ക് മനുഷ്യനും അവന്റെ ചുറ്റുപാടുകളും പ്രമേയമാകുന്നതെങ്ങനെയെന്ന് വിലയിരുത്തുക.



12) a) ആധുനികാനന്തര മലയാള നോവൽ രൂപതലത്തിലും ഭാവതലത്തിലും കൊണ്ടുവന്ന പുതുമ വിവരിക്കുക.

**അല്ലെങ്കിൽ**

b) നവമാധ്യമങ്ങളുടെ സ്വാധീനം മലയാള നോവലിൽ വിശദീകരിക്കുക.

13) a) അംഗീകൃത മൂല്യങ്ങൾ ധിക്കരിക്കുകയും സമൂഹത്തിന്റെ കാപട്യം പൊളിച്ചു കാണിക്കുകയും ചെയ്യുവാനുള്ള ശ്രമം കാക്കനാടിന്റെ കൃതികളിൽ കാണാം. ശരിയോ ? സാക്ഷിയെ അടിസ്ഥാനമാക്കി വിശദമാക്കുക.

**അല്ലെങ്കിൽ**

b) വർത്തമാന കേരളത്തിലെ സ്ത്രീ-ദളിത് പരിസ്ഥിതി വിഷയങ്ങൾക്ക് ഒരു പൊതു ഭൂമിക നിലവിലുണ്ടോ ? പരിശോധിക്കുക. (3×10=30)

---